**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3808** **27-10-2021 - ൽ മറുപടിയ്ക്ക്**

**ശബരിമല വിമാനത്താവള നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ശബരിമലയിൽ വിമാനത്താവളം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് വരെയായെന്ന് അറിയിക്കാമോ; | (എ) | ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തുന്നതിന് ആധികാരിക ഏജൻസിയായി കെ.എസ്.ഐ.ഡി.സി.യെ ചുമതലപ്പെട്ട ത്തിയിരുന്നു. ടി വിമാനത്താവളത്തിനായുള്ള ടെക്നോ എക്കണോമിക് പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും ടെണ്ടർ പ്രോസസ് മുഖേന ചുമതലപ്പെടുത്തിയ ലൂയിസ് ബർഗർ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ പ്രാഥമിക ഫീസിബിലിറ്റി റിപ്പോർട്ട് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിനു സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽ നിന്ന് ലഭിച്ച അഭിപ്രായങ്ങൾക്കുള്ള നിയമാനുസൃതമായ വിശദീകരണം തയ്യാറാക്കുകയും ആയത് വിശദമായ അവലോകനത്തിന് ശേഷം സമയബന്ധിതമായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിവിധ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി സർക്കാർ നിയമിച്ച കമ്മിറ്റി കണ്ടെത്തിയ പ്രദേശങ്ങളിൽ ഏറ്റവും അനുയോജ്യമെന്ന് തീരുമാനിച്ച് ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന മലയാളം പ്ലാൻറ്റേഷനെ പ്രസ്തുത പ്രോജക്റ്റ് സ്ഥാപിക്കുന്നതിന് തെരഞ്ഞെടുക്കുകയും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാണ്. നിർദ്ദിഷ്ട വിമാനത്താവളത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സിയെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിമാനത്താവള നിർമ്മാണത്തിന് എത്ര ഏക്കർ സ്ഥലം വേണ്ടിവരുമെന്നും സ്ഥലം ഏറ്റെടുക്കൽ എന്ന് പൂർത്തിയാകുമെന്നും വിശദമാക്കാമോ; | (ബി) | നിലവിൽ വിവിധ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി ഏറ്റവും അനുയോജ്യം എന്ന്കണ്ടെത്തിയ പദ്ധതി പ്രദേശമായ ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന മലയാളം പ്ലാൻറ്റേഷൻ സ്ഥിതി ചെയ്യുന്ന 2283.18 ഏക്കർ സ്ഥലമാണ് ഏറ്റെടുക്കൽ നടപടികളുടെ |

| | | | |
|---|---|---|---|
| | | | ഭാഗമായിട്ടുള്ളത്. കൂടാതെ പ്രസ്തുത വിമാനത്താവളത്തിന്റെ റൺവേയുടെ നീളം, സാങ്കേതികമായി ആവശ്യമുള്ള സൗകര്യങ്ങൾ, മറ്റ് അനുബന്ധ സൗകര്യങ്ങൾ, ഭാവിയിലെ വികസനം എന്നിവ കണക്കിലെടുത്ത് കൂടുതൽ സ്ഥലത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള അവലോകനങ്ങൾ നടന്നു വരികയാണ്. പ്രസ്തുത അവലോകന യോഗങ്ങളുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ സ്ഥലം ഏറ്റെടുക്കുന്നതിനെക്കുറിച്ച് സമയബന്ധിതമായി തീരുമാനം എടുക്കുന്നതാണ്. |
| (സി) | വിമാനത്താവള നിർമ്മാണത്തിനായി ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വില, എയർപോർട്ട് നിർമ്മാണത്തിന്റെ ചെലവ് എന്നിവ എത്രയെന്ന് വിശദമാക്കാമോ; | (സി) | പ്രാഥമിക ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1390 കോടി രൂപയാണ് സ്ഥലമേറ്റെടുപ്പ് ചെലവ് കൂടാതെയുള്ള, പദ്ധതിയുടെ പ്രഥമയത്നാത്മകമായ നിർമ്മാണച്ചെലവായി കണക്കാക്ക പ്പെട്ടിരിക്കുന്നത്. കൂടാതെ പ്രസ്തുത വിമാനത്താവളത്തിന്റെ റൺവേയുടെ നീളം, സാങ്കേതികമായി ആവശ്യമുള്ള സൗകര്യങ്ങൾ, മറ്റ് അനുബന്ധ സൗകര്യങ്ങൾ, ഭാവിയിലെ വികസനം എന്നീ ഘടകങ്ങൾ കണക്കിലെടുത്ത് പ്രസ്തുത പദ്ധതി ചെലവ് വീണ്ടും വിലയിരുത്തി അന്തിമ തീരുമാനം എടുക്കുന്നതാണ്. |
| (ഡി) | പ്രസ്തുത വിമാനത്താവളത്തിന് എത്ര മീറ്റർ റൺവേയാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ഡി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കൺസൾറ്റന്റ് സമർപിച്ച പ്രാഥമിക ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2700 മീറ്റർ ആണ് റൺവേയുടെ നീളം നിശ്ചയിച്ചിട്ടുള്ളത്. കൂടാതെ പ്രസ്തുത വിമാനത്താവളത്തിന്റെ ഭാവി വികസനവും തുടർന്ന് ആവശ്യമായേക്കാവുന്ന നിർണായകമായ വിമാന ആകാശ ഗമന വ്യാപ്തിയും കണക്കിലെടുത്ത് റൺവേയുടെ നീളം കൂടുതൽ വർധിപ്പിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ചർച്ചകൾ പുരോഗമിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ